# പതിമൂന്നാം കേരള നിയമസഭ

## 8-ാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2190, 26.03.2013 - ലെ മറുപടിയ്ക്ക്

### മഹിളാപ്രധാൻ ജീവനക്കാരുടെ ബോണസ്/അലവൻസ്.

| ചോദ്യം<br><br>ശ്രീ.ചിറ്റയം ഗോപകുമാർ | ഉത്തരം<br><br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ.കെ.എം.മാണി. |
|---|---|
| (എ). സംസ്ഥാനത്ത് മഹിളാപ്രധാൻ ജീവനക്കാരുടെ 2006 മുതലുള്ള എസ്.എ.എസ് (സ്റ്റാൻഡേർഡ് ഏജൻസി സിസ്റ്റം) ബോണസ് അലവൻസ് എന്നിവ നൽകുന്നതിനുവേണ്ടി നാഷണൽ സേവിംഗ്സ് ഡയറക്ടർ ധനകാര്യ വകുപ്പിൽ നൽകിയിട്ടുള്ള പ്രൊപ്പോസലിൻമേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്: വിശദമാക്കുമോ? | പത്തനംതിട്ട ജില്ലയൊഴികെ സംസ്ഥാനത്തെ മഹിളാപ്രധാൻ/ എസ്.എ.എസ് ഏജന്റുമാർക്ക് 2011 നവംബർ വരെയുള്ള മുഴുവൻ ബോണസും അലവൻസും നൽകിയിട്ടുണ്ട്. |
| (ബി) ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക വിഷയങ്ങളിൽ നാളിതുവരെയില്ലാത്ത തരത്തിൽ ഏജന്റുമാർക്ക് അർഹതപ്പെട്ട പ്രതിഫലം ലഭ്യമാക്കുന്നത് നടപടിക്രമങ്ങൾ മൂലം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇല്ല. |
| (സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ? | ബാധകമല്ല. |

| | |
|---|---|
| (ഡി) മഹിളാ പ്രധാൻ ഏജന്റുമാരുടെ 'മഹിളാപ്രധാൻ ക്ഷത്രിയ ബചത് യോജന' (എം.പി.കെ.ബി.വൈ) 2011 നവംബർ മാസം മുതൽ മേയ് വരെയുള്ള അലവൻസും ബോണസും നൽകിയിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കുമോ? | കേന്ദ്ര സർക്കാരിന്റെ 25/11/2011 ലെ എഫ് 1/2011-എൻ.എസ്-11 നോട്ടിഫിക്കേഷൻ പ്രകാരം എല്ലാ സംസ്ഥാനങ്ങളും നൽകിക്കൊണ്ടിരുന്ന പ്രോത്സാഹന അലവൻസുകൾ കേന്ദ്ര കമ്മീഷനിൽ നിന്ന് കുറവു ചെയ്യാൻ ഉത്തരവായിരിക്കുന്ന സാഹചര്യത്തിലാണ് അലവൻസും ബോണസും നൽകാത്തത്. എന്നാൽ 16/02/2012 ലെ സ.ഉ(സാധാ)5933/2012/ധന പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം സർക്കാരിന്റെ വിവിധ വികസന സേവന മേഖലകളിൽ വിനിയോഗിക്കാനും ഈ അധികസേവനം അവരുടെ നിക്ഷേപസമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജന്റുമാർക്ക് 5.25% ഉം എസ്.എ.എസ് ഏജന്റുമാർക്ക് 1.1% ഉം പ്രതിഫലം നൽകാനും ഉത്തരവായിട്ടുണ്ട്. |
| (ഇ) ഇല്ലായെങ്കിൽ ആയതിൻമേൽ അടിയന്തിര നടപടി സ്വീകരിച്ച് പ്രസ്തുത കുടിശ്ശിക നൽകുന്നതിനുള്ള നടപടി ഉണ്ടാകുമോ? | |

സെക്ഷൻ ഓഫീസർ